**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്**
**വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം പിൻ-695035**
ഫോൺ: 0471-2302490. ഫാക്സ്: 0471-2302525
Email: dhskerala@gmail.com  Website: www.dhs.kerala.gov.in


**ഇ.എ2- 2623/2022/ആ.വ.ഡ** **തീയതി 21.12.2022**

## സർക്കുലർ

വിഷയം: ആ.വ.ഡ: ജീവനക്കാര്യം:- ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ ഡിജിറ്റൽ കേഡർ രജിസ്റ്റർ സംബന്ധിച്ച്:

ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ ഡിജിറ്റൽ കേഡർ രജിസ്റ്റർ തയ്യാറാക്കുന്നതിനായി https://forms.gle/tSoTJuVWT2c3fHcg9 ഗൂഗിൾ ഫോംസ് പ്രകാരം വിവരങ്ങൾ സമർപ്പിക്കുന്നതിന് ഡോക്ടർമാർക്ക് നിരവധി തവണ അറിയിപ്പുകൾ നൽകിയിരുന്നുവെങ്കിലും എല്ലാ ഡോക്ടർമാരുടെയും വിശദാംശങ്ങൾ പ്രസ്തുത ഗൂഗിൾ ഫോംസിലൂടെ സമർപ്പിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ ജില്ലയിലെ പ്രസ്തുത വിവരങ്ങൾ സമർപ്പിച്ചിട്ടില്ലാത്ത ഡോക്ടർമാരുടെ വിശദാംശങ്ങൾ ഗൂഗിൾ ഫോംസിലൂടെ **26.12.2022** തീയതിയ്ക്കകം സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നു. ടി വിവരങ്ങൾ സമർപ്പിച്ചിട്ടുള്ള ഡോക്ടർമാരുടെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. താങ്കളുടെ ജില്ലയിലെ സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകളുടെ എണ്ണം സ്ഥാപനങ്ങൾ തിരിച്ച് പരിശോധനയ്ക്കായി Google Spread Sheet ൽ ഇതോടൊപ്പം നൽകുന്നു. ആയതിൽ തിരുത്തലുകൾ ജില്ലാ മെഡിക്കൽ ഓഫീസ് മുഖാന്തിരം (കീഴ്സ്ഥാപനങ്ങളിലേക്ക് ടി Google SpreadSheet കൈമാറിനൽകുവാൻ പാടുള്ളതല്ല) പരിഹരിച്ച്, നിശ്ചിത സമയപരിധിക്കുള്ളിൽ ഗൂഗിൾ ഫോംസിൽ വിവരങ്ങൾ സമർപ്പിക്കാത്ത ഡോക്ടർമാരുടെ പേരു വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ, **28.12.2022** തീയതിയ്ക്കകം തിരികെ സമർപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നു. വിവരങ്ങൾ സമർപ്പിക്കാത്ത ഡോക്ടർമാരുടെ പേരുവിവരങ്ങൾ ആരോഗ്യവകുപ്പു ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, ടി ഡോക്ടർക്ക് എതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. ടി വിഷയത്തിൽ വീഴ്ച വരുത്തുന്നത് ഗൗരവതരമായി വീക്ഷിക്കുന്നതായിരിക്കും.

21/12/2022

**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**